**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1572** **08-10-2021 - ൽ മറുപടിയ്ക്ക്**

**നീര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നീര പദ്ധതി എപ്പോഴാണ് പ്രഖ്യാപിച്ചതെന്ന് വ്യക്തമാക്കാമോ; ഈ പദ്ധതി ഇപ്പോൾ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | 2015-16 വർഷത്തിലാണ് നീര പദ്ധതി പ്രഖ്യാപിച്ചത്. ഈ പദ്ധതിക്ക് വേണ്ടി നടപ്പ സാമ്പത്തിക വർഷത്തിൽ തുക വകകൊള്ളിച്ചിട്ടില്ല |
| (ബി) | പ്രസ്തുത പദ്ധതികൊണ്ടുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (ബി) | നാളികേര വികസന ബോർഡിന്റെ (CDB) കീഴിൽ ആരംഭിച്ചിട്ടുള്ള നാളികേര പ്രൊഡ്യൂസർ കമ്പനികൾക്ക് നീര പ്രോസസ്സിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കെട്ടിട-യന്ത്ര സാമഗ്രികൾക്ക് ചിലവാക്കുന്ന തുകയുടെ 25% (പരമാവധി 50 ലക്ഷം രൂപ) വരെ നൽകുന്നതായിരുന്നു പദ്ധതി. വായ്പാധിഷ്ഠിത പദ്ധതികൾക്ക് ബാക്ക് എൻഡ് സബ്സിഡി നൽകുന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. പദ്ധതി ചിലവിന്റെ 25 ശതമാനത്തിൽ താഴെയായിരിക്കണം കെട്ടിട നിർമാണ ചെലവ്. |
| (സി) | പ്രസ്തുത പദ്ധതിയുടെ പ്രായോഗികത, സാങ്കേതികവിദ്യ, വിപണന സാധ്യത എന്നിവ സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (സി) | നീര കേട്ട കൂടാതെ സംഭരിച്ച് വിപണനം നടത്തുന്നതിനും ,ഗുണനിലവാരം സംബന്ധിച്ചും , കേട്ട കൂടാതെ സൂക്ഷിക്കാവുന്ന കാലാവധി സംബന്ധിച്ചും കേരള കാർഷിക സർവകലാശാല പഠനം 2019 മുതൽ നടത്തി വരുന്നു. ഈ പദ്ധതി 2022 ൽ പൂർത്തീകരിക്കുന്നതാണ്. |
| (ഡി) | ഈ പദ്ധതിക്കുവേണ്ടി നാളികേര ഉൽപ്പാദക കമ്പനികൾ (സി.പി.സി) രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; നിലവിൽ പ്രസ്തുത കമ്പനികൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ഡി) | നാളികേരത്തിന്റെ മൂല്യവർധനവും നീര ഉൽപാദനവുമായി ബന്ധപെട്ട 29 നാളികേര ഉത്പാദക കമ്പനികൾ കേരളത്തിൽ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് (CDB)ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മിക്ക കമ്പനികളുടേയും പ്രവർത്തനം മന്ദഗതിയിലാണ്. |
| (ഇ) | നാളിതുവരെ സി.പി.സികൾക്ക് നൽകിയ സബ്സിഡികൾ ഉൾപ്പടെയുള്ള സഹായങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | കേരളത്തിൽ നാളികേരത്തിന്റെ മൂല്യവർധനവും നീര ഉൽപാദനവുമായി ബന്ധപെട്ട 29 നാളികേര ഉത്പാദക കമ്പനികൾ കോക്കനട്ട് ഡവലപ്പ്മെന്റ് ബോർഡ് (CDB) ന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കമ്പനികൾക്ക് നാളികേര |

| | | | |
|---|---|---|---|
| | | | വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തിന് പുറമേ 2015-16, 2016-17വർഷങ്ങളിൽ സംസ്ഥാന കൃഷി വകുപ്പും സാമ്പത്തിക സഹായം നൽകിയിരുന്നു. ഇതിൽ 10 കമ്പനികൾക്ക് 350.73 ലക്ഷം രൂപ നാളികേര വികസന ബോർഡും 4 കമ്പനികൾക്ക് 194 ലക്ഷം രൂപ സംസ്ഥാന കൃഷി വകുപ്പും നൽകിയിട്ടുണ്ട്. |
| (എഫ്) | നീരപദ്ധതി നിർത്തലാക്കുന്നതിനാണോ, പുനരുജ്ജീവിപ്പിക്കുന്നതിനാണോ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എഫ്) | 2015-16 വർഷം മുതൽ 29 കമ്പനികളാണ് CDB യുടെ കീഴിൽ പ്രവർത്തനമാരംഭിക്കുകയും ഇതിനായി ധനസഹായം ലഭിച്ചിട്ടുള്ളതും. കമ്പനി രൂപീകരിച്ചു കഴിഞ്ഞാൽ അത് ലാഭകരമായി പ്രവർത്തിപ്പിക്കേണ്ടത് പദ്ധതി ഏറ്റെടുക്കുന്ന കമ്പനികളാണ്. പ്രവർത്തന രഹിതമായ കമ്പനികൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തത്കാലം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ